**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4710** **10-08-2021 - ൽ മറുപടിയ്ക്ക്**

**സർക്കാർ ഉടമസ്ഥതയിൽ കാലിത്തീറ്റ ഫാക്ടറി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | വയനാട് ജില്ലയിലെ ക്ഷീരകർഷകർക്ക് കാലിത്തീറ്റ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കുന്നതിനായി വയനാട്ടിൽ സർക്കാർ ഉടമസ്ഥതയിൽ കാലിത്തീറ്റ ഫാക്ടറി ആരംഭിക്കുന്ന കാര്യം പരിഗണിക്കാമോ; | (എ) | നിലവിൽ പരിഗണനയിൽ ഇല്ല. |
| (ബി) | നിലവിൽ കാലിത്തീറ്റ വില കുറയ്ക്കുന്നതിൽ സർക്കാർ നടത്തുന്ന ഇടപെടലുകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (ബി) | സമീകൃത കാലിത്തീറ്റയെ ആശ്രയിച്ച് കൊണ്ടുള്ള പാലുല്പാദനം വളരെ ചെലവേറിയതാണ്. ഇത് കർഷകർക്ക് നഷ്ടമുണ്ടാക്കുന്നു. ഇതിനെ മറികടക്കുക എന്ന ലക്ഷ്യത്തോടെയാണ് ക്ഷീരവികസന വകുപ്പ് സംസ്ഥാനത്തുടനീളം പുൽകൃഷി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്. തീറ്റപ്പുല്ലിനെ ആശ്രയിച്ച് പശുവളർത്തുന്ന കർഷകർക്ക് ലാഭകരമായി പശുവളർത്തൽ മുന്നോട്ട് കൊണ്ടു പോകാൻ കഴിയും. ഈ വർഷത്തെ പദ്ധതികളിൽ സംഘങ്ങൾക്ക് പാരമ്പര്യേതര തീറ്റവസ്തുക്കൾ ഉപയോഗിച്ച് കൊണ്ടുള്ള കാലിത്തീറ്റ നിർമ്മാണത്തിനായുള്ള ഒരു നൂതനപദ്ധതിയും, വൈക്കോൽ ബെയ്‌ലിംഗ് യൂണിറ്റ് എന്ന പദ്ധതിയും ഉൾപ്പെടുത്തിയിട്ടുണ്ട്. 2200 ഹെക്ടറിൽ പുൽകൃഷി നടത്തുന്നതിനായി നടപ്പ് സാമ്പത്തിക വർഷം 473 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ക്ഷീര സംഘങ്ങളിൽ നിന്നും വാങ്ങുന്ന കാലിത്തീറ്റയ്ക്ക് ഒരു ചാക്കിന് 400/- രൂപ നിരക്കിൽ കർഷകർക്ക് ധനസഹായം നൽകിവരുന്നു. പ്രത്യേക കാലിത്തീറ്റ പാക്കേജിന്റെ ഭാഗമായി 11.23 കോടി രൂപയുടെ 2.81 ലക്ഷം ചാക്ക് കാലിത്തീറ്റ 2.04 ലക്ഷം ക്ഷീരകർഷകർക്ക് പ്രയോജനപ്പെടുന്ന വിധം നടപ്പിലാക്കി വരുന്നു. |
| (സി) | കാലിത്തീറ്റ വില ഏകീകരിക്കുന്നതിലും ഗുണമേന്മ ഉറപ്പ് വരുത്തുന്നതിലും നടത്തുന്ന ഇടപെടൽ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ? | (സി) | പൊതുമേഖലാ കാലിത്തീറ്റ നിർമ്മാണ ഫാക്ടറികളായ കേരള ഫീഡ്സ്, മിൽമ ഫീഡ്സ് എന്നിവ അധിക ലാഭം എടുക്കാതെ കാലിത്തീറ്റ വിപണിയിലെത്തിക്കുന്നുണ്ട്. സംസ്ഥാനത്ത് വിതരണം ചെയ്യപ്പെടുന്ന കാലിത്തീറ്റ, കോഴിത്തീറ്റ |

| | | | |
|---|---|---|---|
| | | | എന്നിവയുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതു സംബന്ധിച്ച ഓർഡിനൻസ് 2021 ഫെബ്രുവരി 17 ന് നിലവിൽ വന്നു. ക്ഷീരവികസന വകുപ്പിന്റെ തിരുവനന്ത പുരത്ത് പ്രവർത്തിക്കുന്ന സ്റ്റേറ്റ് ഡയറി ലാബിൽ കാലിത്തീറ്റയുടെ ഗുണനിലവാര പരിശോധനകൾ നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ